(ബി) കെ. എസ്. ഡി. പി. യിലെ ഉൽപന്നങ്ങളുടെയും സ്ഥാപിത ശേഷിയുടെയും വിവരം ചുവടെ ചേർക്കുന്നു.

Sl. No.	*Products*	*Units*	*Installed Capacity*
1	Tablets	Lac Nos	2514
2	Capsules/Powder	Lac Nos	149
3	Liquids Parenterals	Lac Pkts	2.25
4	Bottles	Lac Nos	4.50
5	Vials	,,	15.00
6	Ampoules	,,	60.00
7	Vitamin-A	MMU	30.00

(സി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ വിശദമായ പഠന നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയെടുത്ത സർക്കാർ തീരുമാനപ്രകാരം കെ. എസ്. ഡി. പി. യുടെ ഫോർമുലേഷൻ ഡിവിഷൻ പൊതുമേഖലയിൽതന്നെ നിലനിർത്താനും വൈറ്റമിൻ-എ ഡിവിഷനിൽ സ്വകാര്യ പങ്കാളിത്തത്തോടു കൂടിയുള്ള പുനരുദ്ധാരണവുമാണ് തീരുമാനിച്ചിരിക്കുന്നത്.

എന്നാൽ കെ. എസ്. ഡി. പി. യുടെ ഉത്പാദന സൗകര്യങ്ങൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) ആരോഗ്യവകുപ്പിന് മരുന്നുനൽകിയ വകയിൽ കെ. എസ്. ഡി. പി.-ക്ക് എത്ര തുക ലഭിക്കാനുണ്ടെന്ന കാര്യത്തിൽ ആരോഗ്യ വകുപ്പിന്റെയും കമ്പനിയുടെയും കണക്കുകളിൽ സാരമായ വ്യത്യാസമുള്ളതിനാൽ Reconcillation നടന്നുവരികയാണ്. അതിനുശേഷം മാത്രമേ കൃത്യമായ വിവരം ലഭിക്കുകയുള്ളൂ.

കാപ്പെക്സിന്റെ കീഴിലുള്ള ഫാക്ടറികൾ

8 [3446] *ശ്രീ. എം. മുരളി:*
,, *വർക്കല കഹാർ:*
,, *പി. ജെ. ജോയി:*
,, *എം. എ. ചന്ദ്രശേഖരൻ:*
,, *എം. എ. വാഹീദ്:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കാപ്പെക്സിന്റെ കീഴിലുള്ള ഫാക്ടറികളിൽ 2003-04-ൽ എത്ര ദിവസം ജോലി നൽകി;

(ബി) 2004-05-ൽ എത്ര ദിവസം ജോലി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) ഇക്കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ കാപ്പെക്സിന്റെ കീഴിലുള്ള ഫാക്ടറികളിൽ ഒരു വർഷത്തിൽ ഏറ്റവും കൂടുതൽ ജോലി കൊടുത്തിട്ടുള്ളത് ഏതു മന്ത്രിസഭയുടെ കാലത്താണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2003-ൽ 51 ദിവസവും 2004-ൽ 136 ദിവസവും ജോലി നൽകി.

(ബി) 2005-ൽ ഇതുവരെ 30 ദിവസം നൽകി. 250 ദിവസം ജോലി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഇപ്പോഴുള്ള മന്ത്രിസഭയുടെ കാലത്താണ്.

കെ. എസ്. ഐ. ഡി. സി. യുടെയും, കിൻഫ്രയുടെയും പുതിയ പ്രോജക്ടുകൾ

9 [3447] *ശ്രീ. വി. ഡി. സതീശൻ:*
,, *കെ. അച്ചുതൻ:*
,, *ജോർജ് ജെ. മാത്യു:*
,, *എം. എ. ചന്ദ്രശേഖരൻ:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഐ. ഡി. സി. യും കിൻഫ്രയും ഈ വർഷം ഏതെങ്കിലും പുതിയ പ്രോജക്ട് പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ എന്നെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തു തുക ചെലവായി;

(സി) പ്രസ്തുത പ്രോജക്ടുകളിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ. എസ്. ഐ. ഡി. സി. 2004-05 വർഷത്തിൽ 5 പുതിയ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

1. സുരഭി ഇസ്പാറ്റ് പ്രൈ. ലി., പാലക്കാട് ജില്ല (18-4-2004-ൽ പൂർത്തിയാക്കി)
2. പി. പി. എസ്. സ്റ്റീൽസ് (കേരള) പ്രൈ.ലി., പാലക്കാട് ജില്ല (29-6-2004-ൽ പൂർത്തിയാക്കി)

LIBRARY ARCHIVES Kerala Legislative Assembly